ജൈവവള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. കുരുമുളക് വികസന പദ്ധതി പ്രകാരം ഇടുക്കി, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു. ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിനും പൊക്കാളി കൃഷി പൂർണ്ണമായും ജൈവകൃഷി രീതിയിൽ നടപ്പിലാക്കുന്നതിനും ധനസഹായം നൽകിവരുന്നു.

(സി) ജൈവകൃഷിപ്രകാരമുള്ള ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുവാനായി ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും ഇക്കോ ഷോപ്പുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല.

(ഇ) ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലന പരിപാടികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ച ചെയ്താണ് നടപ്പാക്കിവരുന്നത്.

കേരഫെഡ് ഉൽപ്പന്നങ്ങൾ

64 [3411] ശ്രീ. വി. ജെ പൗലോസ്:

,, പി. ടി. തോമസ്:

ശ്രീമതി ശോഭനാ ജോർജ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് ഇപ്പോൾ എന്തെല്ലാം സാധനങ്ങളുടെ ഉൽപ്പാദനത്തിലാണ് ഏർപ്പെട്ടിട്ടുള്ളത്;

(ബി) ഇവ എവിടെയെല്ലാം കയറ്റി അയയ്ക്കുന്നു;

(സി) മറ്റ് വിദേശരാജ്യങ്ങളിലെ വിപണികൾ കേരഫെഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനുവേണ്ടി കേരഫെഡ് എന്തെല്ലാം പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുദ്ദേശിക്കുന്നത്; അതിനുള്ള ഫാക്ടറി എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരഫെഡ് ഇപ്പോൾ 'കേര' ബ്രാൻഡിൽ വെളിച്ചെണ്ണയും 'കേരകേൾ' എന്ന ബ്രാൻഡിൽ വെളിച്ചെണ്ണയിൽ ആയുർവ്വേദ മരുന്നുകൾ ചേർത്ത് ഹെയർടോണിക്കും ഉൽപ്പാദിപ്പിക്കുന്നു. കൂടാതെ നാളികേര ഉൾപ്പന്നങ്ങളായ ചമ്മന്തി പൊടിയും തീയ്യൽകൂട്ടും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ബി) ഇപ്പോൾ കേരളമൊട്ടുക്കും, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങളിലും വിപണനം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) വിദേശരാജ്യങ്ങളിൽ വിപണനത്തിനായി മേൽപ്പറഞ്ഞ കേമോൽപ്പന്നങ്ങൾ കൂടാതെ കോക്കനട്ട് ക്രീം, ഡസിക്കേറ്റഡ് കോക്കനട്ട് (ബേക്കറി ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിന്) കോക്കനട്ട് മിൽക്ക് പൗഡർ തുടങ്ങിയ ഉൽപ്പന്നങ്ങൾ പുതിയതായി ആരംഭിക്കുന്ന വൈറ്റിലയിലെ ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

തെങ്ങുകൃഷി ഗവേഷണ പ്രവർത്തനങ്ങൾ

65 [3412] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരകൃഷി പ്രോൽസാഹിപ്പിക്കുവാൻ നിലവിലുള്ള ഏജൻസികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത ഏജൻസികൾ വർഷംതോറും എത്ര രൂപ ചെലവഴിക്കുന്നുണ്ട്;

(സി) തെങ്ങുകൃഷി സംബന്ധമായ ഗവേഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന കൃഷിവകുപ്പ്, നാളികേര വികസന ബോർഡ്, കേരഫെഡ് എന്നിവയാണ് നാളികേര കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) കഴിഞ്ഞ അഞ്ചുവർഷമായി വർഷംതോറും ഏകദേശം 19 കോടി രൂപ ചെലവഴിക്കുന്നുണ്ട്;

(സി) ഉണ്ട്. സംസ്ഥാനത്ത് തെങ്ങുകൃഷി സംബന്ധമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കേരള കാർഷിക സർവ്വകലാശാലയുമാണ്. ഇതിൽ തോട്ടവിള ഗവേഷണകേന്ദ്രം കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അവരുടെ ഗവേഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് പരിശോധിക്കാറുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ വിശദമായ ചർച്ചകൾക്ക്ശേഷം വിവിധ വിളകൾക്കുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് ആയി പ്രസിദ്ധീകരിക്കുന്നു. ഇവ കാലാകാലങ്ങളിൽ അവലോകനം ചെയ്ത് പുതിയ ഗവേഷണ ഫലങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കി പ്രസിദ്ധീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly